

In the Name of Allah, The Most Gracious, The Most Merciful

# FRIDAY SERMON

**Hazrat Amir'ul Momeneen Muhyi-ud-Din**

**Munir Ahmad Azim**

## 28 JULY 2006

## RELATION BETWEEN PARENTS AND CHILDREN

## മാതാപിതാക്കളും സന്താനങ്ങളും തമ്മിലുള്ള ബന്ധം

ഹസ്രത് അമീറുൽ മുഅ്മിനീൽ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) 2006 ജൂലൈ 28-ാം തീയതി വെള്ളിയാഴ്ച നടത്തിയ ജുംആ ഖുത്തുബാ സംക്ഷിപ്തം

ജമാഅത്ത് അംഗങ്ങൾക്ക് സലാം ചൊല്ലി, തശ്ശഹ്ഹ്ദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയ ശേഷം ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) വിശുദ്ധഖുർആനിലെ 4-ാം അധ്യായമായ **സൂറ അന്നിസാഅ്** -ൽ നിന്നും 37-ാം സൂക്തം പാരായണം ചെയ്ത് അതിന്റെ വിവർത്തനം ചുവടെ കാണുംപ്രകാരമാകുന്നു:

നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക; അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക) അഹംഭാവിയും, പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിയ്ക്കലും ഇഷ്ടപ്പെടുകയില്ല.

മാതാപിതാക്കളോട് ആർദ്രതയോടെ പെരുമാറാൻ ഇസ്ലാം പഠിപ്പിക്കുന്നു. മാതാവാണ് കുടുംബത്തിന്റെ നെടുംതൂൺ. അതേസമയം പിതാവ് കുടുംബത്തിന്റെ ഉത്തരവാദിത്തം മുഴുവൻ ചുമലിൽ എറ്റുന്ന കുടുംബനാഥനും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതിനുള്ള കഴിവ് പുരുഷന് അല്ലാഹു നല്കിയിരിക്കുന്നു. ഈ പുരുഷനും മാതാപിതാക്കളുടെ കുഞ്ഞായിരുന്നു. മനുഷ്യന്റെ സൃഷ്ടിയുടെ തുടക്കം മുതൽ ഈ ജീവിതചക്രം നിലനിന്നുകൊണ്ടിരിക്കുന്നു. കുട്ടി വളർന്നു വലുതായി, യൗവനാവസ്ഥയിലെത്തുകയും, പ്രത്യുല്പാദനശേഷിയുള്ളവരായി മാറി കുഞ്ഞുങ്ങളെ ജനിപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധഖുർആനും തിരുസുന്നത്തും (ഹ

ദീസുകളും) മാതാപിതാക്കൾക്കും മക്കൾക്കും പരസ്പരമുള്ള ഉത്തരവാദിത്തത്തെ വിശദമാക്കുന്ന വിധത്തിൽ പഠിപ്പിക്കുന്നുണ്ട്. ഇത് മാതാപിതാക്കൾക്കും മക്കൾക്കും ഇടയിൽ അല്ലാഹു സൃഷ്ടിച്ചിരിക്കുന്ന സ്നേഹത്തിന്റെ ബന്ധമാണ്. ഇതു സംബന്ധമായി ഞാൻ ഉദ്ധരിക്കുന്ന ഖുർആൻ വചനം ഇത് വ്യക്തമായി വിശദമാക്കുന്നുണ്ട്.

ലുഖ്മാന് ഞാൻ തത്ത്വജ്ഞാനം നല്കിയിരിക്കുന്നു (നാം അദ്ദേഹത്തോട് പറഞ്ഞു) അല്ലാഹുവിനോട് നീ നന്ദി കാണിക്കുക. ആരാണോ നന്ദി കാണിക്കുന്നത് അവൻ തന്റെ സ്വന്തം ആത്മാവിന്റെ ഗുണത്തിനു വേണ്ടിയാണ് നന്ദി കാണിക്കുന്നത്. ആരാണോ നന്ദികേട് കാണിക്കുന്നത്, (അവൻ ഓർത്തിരിക്കട്ടെ) അല്ലാഹു സ്വാശ്രയനും, സ്തുത്യർഹനുമാണ്.

തന്റെ മകനെ ഉപദേശിച്ചുകൊണ്ട് ലുഖ്മാൻ പറഞ്ഞ സന്ദർഭം (ഓർക്കുക) എന്റെ പ്രീയപ്പെട്ട മകനെ, നീ അല്ലാഹുവിനോട് (ഒന്നിനേയും) പങ്കുചേർക്കരുത്. (അല്ലാഹുവിനോട് മറ്റെന്തിനെയെങ്കിലും) പങ്കുചേർക്കുന്നത് തീർച്ചയായും ഗുരുതരമായ അക്രമമാണ്. (അധ്യായം 31 ലുഖ്മാൻ സൂക്തം : 13-14)

മാതാപിതാക്കൾ തങ്ങളുടെ മക്കളെ നേർമാർഗത്തിൽ നയിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുക തന്നെ ചെയ്യും. വിശുദ്ധഖുർആനിലെ സൂറ:ലുഖ്മാനിൽ ഹസ്രത് ലുഖ്മാൻ (അ) യുടെ ഉദാഹരണം അല്ലാഹു ഇതിനുദാഹരണമായി ചൂണ്ടിക്കാണിക്കുന്നു. ലുഖ്മാൻ(അ)യുടെ പ്രവൃത്തികളിൽ അല്ലാഹു വളരെയധികം സംതൃപ്തനാവുകയും, ആ സന്തോഷത്തിൽ അദ്ദേഹത്തിന്റെ നാമധേയത്തിൽ തന്നെ വിശുദ്ധഖുർആനിലെ ഒരധ്യായം അവതരിപ്പിക്കപ്പെടുകയും ചെയ്തു. ലോകജനതയ്ക്ക്, മാതാപിതാക്കൾ മക്കളെ അല്ലാഹുവിന്റെ ഏകത്വത്തിലേക്കും (തൗഹീദ്) അവന്റെ അധ്യാപനങ്ങളെ (തത്ത്വജ്ഞാനം) അറിയുന്നതിലേക്കും എങ്ങനെ നയിക്കണം, ഇത് എങ്ങനെ അവരെ പഠിപ്പിക്കണം എന്ന് ഹസ്രത്ത് ലുഖ്മാൻ(അ) ലോകജനതയ്ക്ക് പഠിപ്പിച്ചു കൊടുത്തു.

മാതാപിതാക്കൾ പ്രാർത്ഥനയിൽ ശ്രദ്ധയൂന്നി (ദുആ ചെയ്ത്) തങ്ങളുടെ മക്കളെ നേർമാർഗ്ഗത്തിലേക്ക് വഴി നടത്താൻ പരിശ്രമിക്കുമ്പോൾ അല്ലാഹു അവരിൽ അനുഗ്രഹം വർഷിക്കുകയും, മാതാപിതാക്കളും മക്കളും തമ്മിലുള്ള പരസ്പരബന്ധത്തെ ഊഷ്മളമാക്കി ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. തഖ്‌വയുള്ള ബുദ്ധിമാന്മാരായ മാതാപിതാക്കൾ, തങ്ങളുടെ മക്കൾക്ക് ഇഹലോകത്തും, പാരത്രിക ലോക

ത്തും ഗുണകരമായതും, ഏറ്റവും നല്ലത് ആയിട്ടുള്ളതും പഠിപ്പിച്ചു കൊടുക്കുന്നു.

പക്ഷേ, ഇക്കാലത്ത് മാതാപിതാക്കളിൽ മിക്കവരും തങ്ങളുടെ മക്കൾക്ക് വിശുദ്ധഖുർആൻ പഠിപ്പിച്ചുതന്നിട്ടുള്ള ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങൾ ഉൾപ്പടെയുള്ള ആത്മീയ വിദ്യാഭ്യാസം നല്കുന്നതിൽ അലംഭാവം കാട്ടുന്നവരാണ്. ദഅ്‌വാ (അല്ലാഹുവിലേക്കും ഇസ്ലാമിലേക്കുമുള്ള ക്ഷണം)യുടെ ആരംഭം ഭവനങ്ങളിലാണ്. കുഞ്ഞുങ്ങൾക്ക് അടിസ്ഥാനപരമായ ഖുർആനിക അധ്യാപനങ്ങൾ നല്കേണ്ട ചുമതല മാതാവിനും പിതാവിനുമാണ്. ഇതിൽ മാതാവിന്റെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നു.

ഇപ്പോൾ കുഞ്ഞുങ്ങൾക്ക് അവധിക്കാലമാണ്. രാവന്തിയോളം ടിവി കണ്ട് കുഞ്ഞുങ്ങളെ തങ്ങളുടെ വിലയേറിയ സമയം പാഴാക്കുവാൻ അനുവദിയ്ക്കരുത്. ഈയൊരു സമയത്താണ് കുട്ടികൾ വഴിതെറ്റാൻ ഇടയുള്ളത്. തിന്മകളുമായി അവർ ചങ്ങാത്തം കൂടിപ്പോയേക്കാം,

അല്ലാഹു വിശുദ്ധഖുർആനിൽ 31 അധ്യായം, സൂറ:ലുഖ്മാൻ 15-ാം സൂക്തത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

മനുഷ്യനെ തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് മേൽക്കുമേൽ ക്ഷീണം സഹിച്ചുകൊണ്ടാണ് അവനെ ഗർഭം ധരിച്ചത്. അവന്റെ മുലകുടി നിർത്തലൽ രണ്ടു വയസ്സിലാണ്. എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കുക. എന്റെയടുക്കലേക്ക് തന്നെയാണ് (നിന്റെ) മടക്കം.

അബൂഹുറൈറ(റ) റിപ്പോർട്ടു ചെയ്തിരിക്കുന്ന ഹദീസ് ഇപ്രകാരമാണ്. തിരുനബി(സ)പറഞ്ഞിരിക്കുന്നു, ഏറ്റവും തരംതാഴ്ന്നവരിൽ, തരംതാഴ്ന്നവൻ തന്റെ വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ സംരക്ഷിക്കാത്തവനത്രേ (മുസ്ലിം)

അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്ന മറ്റൊരു ഹദീസിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. തിരുനബി(സ)യുടെ സന്നിധിയിലെത്തിയ ഒരാൾ തിരുനബി(സ)യോട് പറഞ്ഞു. അല്ലാഹുവിന്റെ ദൂതരേ, എന്റെ ഉമ്മ വാർദ്ധക്യത്തിലെത്തിയിരിക്കുന്നു. ഞാൻ അവരെ പരിചരിച്ചുകൊണ്ടിരിക്കലാണ്. ഞാൻ എന്റെ ഉമ്മയോടുള്ള ബാധ്യതകൾ പൂർത്തിയാക്കിയില്ലേ? തിരുനബി(സ) മറുപടി പറഞ്ഞു. നിങ്ങൾ, നിങ്ങളുടെ മാതാവിന് എന്തെല്ലാം ചെയ്തുകൊടുത്താലും ഉമ്മയോടുള്ള നിന്റെ കടമപൂർത്തിയാക്കാനാവില്ല. അപ്പോൾ അദ്ദേഹം വീണ്ടും ചോദിച്ചു. അതെന്താണ് അങ്ങനെ തിരുദൂതരെ? തിരുനബി(സ)

ഇങ്ങനെ മറുപടി പറഞ്ഞു; നീ ജനിച്ചപ്പോൾ അവൾ നിന്നെപോറ്റി വളർത്തുകയും, നിനക്ക് ദീർഘായുസ്സ് ലഭിക്കുവാനായി നിരന്തരം ദുആ ചെയ്യുകയും ചെയ്തു. ഇപ്പോൾ നിന്റെ കാര്യം നോക്കൂ. അവർ വാർധക്യം പ്രാപിച്ചു. അവരെ പരിചരിച്ചുകൊണ്ടിരിക്കുന്ന ഈ വേള യിൽ താങ്കൾ അവരുടെ മരണം ആഗ്രഹിക്കുന്നു. (ദീർഘായുസ്സിനു വേണ്ടി പ്രാർത്ഥിക്കുന്നതും, മരണത്തിനുവേണ്ടി പ്രാർത്ഥിക്കു ന്നതും തമ്മിൽ വലിയ അന്തരമുണ്ട്) തിർമിദി & ഇബ്നുമാജ

അല്ലാഹുവിന്റെ ദൃഷ്ടിയിലും, മക്കളുടെ ദൃഷ്ടിയിലും മാതാ ക്കൾ പ്രിയപ്പെട്ടവരായി മാറാനുള്ള കാരണങ്ങളിൽ ഒന്ന് ഇതാണ്.

ആദ്യം മാതാവും, തുടർന്ന് പിതാവും അല്ലാഹുവിന്റെ ദൃഷ്ടി യിൽ പ്രിയങ്കരരാണ്. എന്തുകൊണ്ടെന്നാൽ പിതാവ് താൻ സമ്പാ ദിക്കുന്നതെല്ലാം തന്റെ കുടുംബത്തിനായി ചെലവിടുന്നു.

അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു. വിശ്വസിച്ചവ രേ, നിങ്ങൾ നിങ്ങളേയും നിങ്ങളുടെ കുടുംബാംഗങ്ങളേയും അഗ്നി യിൽ നിന്ന് കാത്ത് രക്ഷിച്ചുകൊള്ളുക. അതിന്റെ ഇന്ധനം ചില മനുഷ്യരും ചില കല്ലുകളുമാകുന്നു. അതിന്റെ മേൽനോട്ടക്കാർ നിഷ്ഠുരരും, നിർദ്ദയരുമായ ചില മലക്കുകൾ അത്രേ. അല്ലാഹു അവ രോട് കല്പിക്കുന്ന ഒരു കല്പനയും അവർ ലംഘിക്കുകയില്ല. അവ രോട് ആജ്ഞാപിക്കുന്നതെന്തും അവർ പ്രവർത്തിക്കുന്നു (അധ്യായം 66, അത്തഹ്‌രീം:7)

ഈ വചനത്തെ വിശദമാക്കുന്ന ഹദീസ് ഇപ്രകാരമാണ്.

തിരുനബി(സ) പറഞ്ഞിരിക്കുന്നു; നിങ്ങൾ നിങ്ങളുടെ കുഞ്ഞു ങ്ങളോട് ഉദാരതയോടു കൂടി പെരുമാറുകയും അവർക്ക് നല്ല വിദ്യ അഭ്യസിപ്പിക്കുകയും ചെയ്യുക. (ഇബ്നു മാജ)

മറ്റൊരു ഹദീസിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു; ഒരു പിതാ വിന് തന്റെ കുട്ടിയ്ക്ക് നൽകാവുന്ന ഏറ്റവും നല്ല പാരിതോഷികം നല്ല വിദ്യ അഭ്യസിപ്പിക്കൽ ആണ്. (തിർമദി, അഹ്മദ്)

മറ്റൊരു ഹദീസിൽ (ബുഖാരി) ഇങ്ങനെ കാണാം. കുടുംബത്തിന് കുടുംബനാഥൻ, ആട്ടിൻപറ്റത്തിന് ആട്ടിടയൻ എങ്ങനെയോ അതു പോലെയാണ്. ആട്ടിടയൻ ആട്ടിൻപറ്റത്തിന്റെ ഉത്തരവാദി (ചുമത ലക്കാരൻ) ആയിരിക്കുന്നതുപോലെ കുടുംബനാഥൻ കുടുംബ ത്തിന്റെ ചുമതലക്കാരൻ ആയിരിക്കുന്നു.

ചുരുക്കത്തിൽ, കുടുംബത്തിൽ പിതാവ്, കുടുംബനാഥൻ എന്ന നിലയിൽ തന്റെ ഭാര്യാമക്കളെ പോറ്റേണ്ടവനത്രേ. അവരുടെ ഉത്ത രവാദിത്തം ഏറ്റെടുക്കേണ്ടവനാണ്. അതായത് മാതാവ് തന്റെ

മക്കൾക്ക് പിടിച്ചുയരാനുള്ള സ്തംഭമാണെങ്കിൽ, പിതാവ് അവർക്ക് മോക്ഷപ്രാപ്തിയിലേക്ക് നയിക്കുന്ന താക്കോലാണ്.

കുടുംബത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ നോക്കി നടത്തേണ്ടത് പിതാവാണ്. കുട്ടികൾക്ക് വിദ്യാഭ്യാസം (ധാർമ്മികവും, ആത്മീയവും, അക്കാദമികവും, ആയ നിലയിലുള്ള) നല്കണം. അതുപോലെ കുടുംബത്തിന്റെ ഭക്ഷണം, വസ്ത്രം, മരുന്ന്, വീട് തുടങ്ങിയവ ആവശ്യങ്ങൾ നിവർത്തിക്കാനുള്ള ചെലവ് കണ്ടെത്തേണ്ടതും പിതാവിന്റെ ചുമതലയാണ്. മാത്രമല്ല തന്റെ കുടുംബത്തെ നേർവഴിയിൽ നടത്തേണ്ടതിന്റെ ഭാഗമായി ഒരു ഉറച്ചമാർഗദർശിയായി നില്ക്കേണ്ടതും പിതാവാണ്.

തിർമിദിയും അഹ്മദും റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. കുട്ടിയ്ക്കുള്ള അവകാശങ്ങളിൽ ഒന്ന് നല്ല വിദ്യഅഭ്യസിപ്പിക്കലും, നല്ല പേരുനല്കലുമാണ്.

ഒരു കുടുംബത്തിന്റെ ധാർമ്മിക നിലവാരം പ്രതിഫലിപ്പിക്കുന്നത് അവിടുത്തെ കുട്ടിയാണ്. അവനു ലഭിക്കുന്ന നല്ല വിദ്യാഭ്യാസത്തിലൂടെ തന്റെ മാതാപിതാക്കളുടേയും കുടുംബത്തിനും അന്തസ്സും മാന്യതയും ഉയർത്തിപ്പിടിക്കുന്നതിന് അവനു കഴിയും. തന്റെ കുട്ടിയ്ക്ക് അർത്ഥവത്തായ ഒരു പേരു നല്കുന്നതിൽ പിതാവ് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അങ്ങനെ പ്രാർത്ഥനകളിലൂടെയും നല്ല വിദ്യാഭ്യാസത്തിലൂടെയും ആ കുട്ടിയ്ക്ക് തന്റെ പേരിനെ അന്വർത്ഥമാക്കുവിധം സൗമ്യതയോടെയും മനോഹാരിതയോടെയും സമൂഹത്തിൽ ഇടപഴകുവാൻ സാധിക്കും.

പേരിനോട് പിതാവിന്റെ പേര് ചേർന്നിരിക്കുന്ന അവൻ, തന്റെ പിതാവിലൂടെ ആർജ്ജിച്ചെടുത്ത ജീവിതതത്ത്വങ്ങൾ, തന്റെ തുടർജീവിതത്തിലെ പ്രവൃത്തിപഥത്തിൽ പ്രതിഫലിപ്പിക്കുകയും ചെയ്യും.

പിതാവിന്റെ നിയന്ത്രണത്തിൻ കീഴിൽ വളരുന്ന മക്കൾ ഒരിക്കലും പാഴായിപ്പോകില്ല. അച്ചടക്കത്തോടെ വളർത്തേണ്ടതെങ്ങനെ എന്ന് പിതാവ് പഠിയ്ക്കണം. മക്കൾ തന്നിൽ നിന്ന് അകന്നുപോകും വിധം ക്രൂരമായും കർക്കശ്യത്തോടെയും അവരെ നിയന്ത്രിക്കുന്നത് ശ്രദ്ധിക്കുകയും ചെയ്യണം. അതായത് കടുത്ത നിയന്ത്രണങ്ങൾ പാടില്ല. ഏതിലും ഒരു മിതത്വം പാലിക്കണം. ഹസ്രത്ത് മുഹമ്മദ് (സ)തന്റെ മക്കളെയും, ചെറുമക്കളെയും ഏറെ സ്നേഹിച്ചിരുന്നു. അവരെ അദ്ദേഹം ഒരിയ്ക്കലുമൊരു ഭാരമായി കണ്ടിരുന്നില്ല. നേരെ മറിച്ച്,

അദ്ദേഹം അവരെ സ്നേഹിക്കുകയും ആദരിയ്ക്കുകയും ചെയ്തിരുന്നു. പലപ്പോഴും നമസ്ക്കരിക്കുമ്പോൾ തന്റെ പേരക്കുട്ടികളെ എടുത്തുകൊണ്ട് നമസ്ക്കരിച്ചിരുന്നു. ഇത് കാണിക്കുന്നത് തിരുനബി (സ)തന്റെ പേരക്കുട്ടികളെ എത്രത്തോളം സ്നേഹിച്ചിരുന്നു എന്നതാണ്. നമസ്ക്കരിക്കുമ്പോൾ പോലും അവരൊരു ശല്യമായി അദ്ദേഹത്തിന് അനുഭവപ്പെട്ടിരുന്നുമില്ല.

അതുപോലെ, തിരുനബി കരീം ഹസ്രത്ത് മുഹമ്മദ് (സ)യുടെ യഥാർത്ഥ അനുയായികളെന്ന നിലയിൽ നാമും, തിരുനബി(സ)ക്ക് കുട്ടികളോടുണ്ടായിരുന്ന അതേ സ്നേഹവും വാത്സല്യവും, സ്വായത്തമാക്കണം. കാരണം കുട്ടികൾ അല്ലാഹുവിൽ നിന്നുള്ള അമാനത്തുകൾ ആണ്. അല്ലാഹു മനുഷ്യന്റെ കൈകളിലേല്പിച്ച അമാനത്തുകൾ! ഒരിയ്ക്കൽ, തന്റെ കുട്ടിയെ ഒരിയ്ക്കലും ചുംബിക്കുകയോ, ലാളിക്കുകയോ ചെയ്യാത്ത ഒരു സഹാബിയെ, തിരുനബി(സ) ശക്തമായി താക്കീതു ചെയ്യുകയുണ്ടായി.

ഇസ്ലാമിക മൂല്യങ്ങളില്ലാത്ത കുട്ടി, ഒരു ശവം പോലെയാണ്, പക്ഷേ, ഏതൊരുവനിൽ ഭക്തിയും, അല്ലാഹുവിലുള്ള ഉറച്ച വിശ്വാസവുമുണ്ടോ, അവന്റെ ആത്മാവ് അല്ലാഹു അവന് നല്കിയിരിക്കുന്ന ശാശ്വതസ്ഥാനത്ത് എത്തിച്ചേരും. ഇതാണ് തന്റെ മാതാപിതാക്കൾ നേടിയ അറിവ് പകർന്ന് കിട്ടി വളരുന്ന ഒരു കുട്ടിയ്ക്ക് ലഭിക്കുന്ന പ്രതിഫലം.

കുട്ടിയ്ക്ക് ധാർമ്മികവും ആത്മീയവുമായ വിദ്യാഭ്യാസം നല്കേണ്ടത് അത്യന്താപേക്ഷിതമാണ്. കാരണം, അതുമുഖേന അവൻ ഈ പ്രപഞ്ചസ്രഷ്ടാവിനെയും, അവന്റെ സൃഷ്ടിജാലങ്ങളെയും തിരിച്ചറിയുകയും, സദാസമയവും അല്ലാഹുവിനെ ഓർക്കുകയും, അവന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കും.

ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണ് മാതാപിതാക്കൾ മക്കൾക്കു നല്കേണ്ടത്?

ഇക്കാലത്ത്, സാങ്കേതികവിദ്യ അതിന്റെ ഉത്തുംഗശൃംഗത്തിലെത്തിരിക്കുകയാണ് യുവതലമുറയ്ക്ക്, ഇസ്ലാമികാധ്യാപനങ്ങളേക്കാൾ പ്രിയം, കമ്പ്യൂട്ടർ ഗെയിമുകളും, ഇന്റർനെറ്റ്, ടെലിവിഷൻ, പ്ലേസ്റ്റേഷൻ ഗെയിമുകളും, ഒക്കെയാണ്. ഇത്തരം ഗെയിമുകൾക്കും, ഉല്ലാസങ്ങൾക്കുമുള്ള അവസരം തങ്ങളുടെ കുട്ടികൾക്ക് ഒരുക്കികൊടുക്കുകവഴി മാതാപിതാക്കൾ കരുതിയിരിക്കുന്നത് കുട്ടികൾ മോശം

കൂട്ടുകെട്ടിൽ പെട്ടുപോകില്ലല്ലോ എന്നാണ്. ആ മനഃസ്സമാധാനത്തി ലാണ് അവരിരിക്കുന്നതും.

പക്ഷേ, നിങ്ങൾ നന്നായി ആലോചിക്കേണ്ടതുണ്ട്. ഇന്റർനെറ്റ് മുഖേന എന്തും സാധിക്കുന്ന ഒരു കാലമാണ് ഇത്. ഓൺലൈനിൽ സാധനങ്ങൾ വാങ്ങൽ, ചൂതാട്ടം നടത്തൽ, വേണ്ടതും വേണ്ടാത്ത തുമായ സാധനങ്ങൾക്ക് ഓർഡർ നല്കൽ തുടങ്ങി എന്തും! ഇന്റർനെ റ്റിൽ അശ്ലീല കൂട്ടുകെട്ടിന് സാധ്യതയുണ്ട് എന്ന കാര്യവും മറക്കു രുത്. ഇതൊക്കെ കേൾക്കുമ്പോൾ/അറിയുമ്പോൾ നിങ്ങൾ വിചാരി ക്കുന്നുണ്ടോ നിങ്ങളുടെ മക്കൾ സുരക്ഷിതരാണെന്ന്?

നിങ്ങളുടെ കുട്ടികൾ ഒരുപക്ഷേ മയക്കുമരുന്നിന് അടിമയാകില്ലാ യിരിക്കും. പക്ഷേ, അതിനുതത്തുല്യമായ മറ്റൊന്നിന് (ഇന്റർനെറ്റ്) അവൻ/അവൾ അടിമ ആയേക്കും.

നമ്മുടെ യുവതലമുറയുടെ ആത്മീയവും ധാർമ്മികവുമായ മൂല്യ ങ്ങളെ ക്രമേണ നശിപ്പിക്കുന്ന, ആധുനിക സാങ്കേതികവിദ്യയുടെ, മറു വശങ്ങളാണ് ഈ പറഞ്ഞവയൊക്കെ. ആശാസ്യമല്ലാത്ത രീതിയിലുള്ള സംഗീതംവരെ നെറ്റിലൊക്കെ സുലഭമാണിപ്പോൾ.

ആയതിനാൽ മാതാപിതാക്കൾ, തന്റെ മക്കളെക്കുറിച്ച് ജാഗരൂക രായിരിക്കണം. പ്രത്യേകിച്ച് അവരുടെ കൗമാരകാലഘട്ടത്തിൽ, അറി വല്ലായ്മകൊണ്ടോ, മോശം കൂട്ടുകെട്ടിന്റെ പ്രേരണകൊണ്ടോ, കുട്ടി കൾ വഴിതെറ്റിപ്പോകുന്ന പ്രായമാണ് ഇത്. തങ്ങളുടെ മക്കളുടെ കൂട്ടു കാർ ആരാണെന്ന് മാതാപിതാക്കൾ അറിയണം. അവർ വിശ്വസിക്കാ വുന്നവരാണോ അല്ലയോ എന്നുറപ്പുവരുത്തണം. അവർ തന്റെ കുട്ടിയെ നേർവഴിയിൽ നയിക്കുന്നവരാണോ? അതോ ചീത്തവഴിയി ലേക്ക് നയിക്കുമോ? എന്നൊക്കെ ശ്രദ്ധിക്കണം.

പലരാജ്യങ്ങളിലും, മാതാപിതാക്കൾ കുട്ടികൾ മുഖേന പലപ്ര ശ്നങ്ങളും നേരിടുന്നുണ്ട്. നമ്മുടെ (ഇസ്ലാമിലെ) കുട്ടികളും ഇത്തരം വലയിൽ അകപ്പെടുന്നത് കാണുന്നത് സങ്കടമുളവാക്കുന്ന കാര്യമാ ണ്. അവർക്ക് അവരുടെ ഇസ്ലാമിക സംസ്ക്കാരം പൂർണ്ണമായി നഷ്ട മായിരിക്കുന്നു. കുട്ടികൾക്ക് നല്ലതും ചീത്തയും വ്യക്തമാക്കിക്കൊടു ക്കേണ്ട ചുമതല/ഉത്തരവാദിത്തം മാതാപിതാക്കൾക്കാണ്. തന്റെ അവസാന ശ്വാസംവരെ അവന്റെയുള്ളിൽ തറച്ചു നില്ക്കും വിധം ആയിരിക്കണം ഇത് പഠിപ്പിച്ചുകൊടുക്കേണ്ടത്. തങ്ങളുടെ മക്കൾക്കു വേണ്ടി മാതാപിതാക്കൾ നിരന്തരം അല്ലാഹുവിനോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കേണ്ടതാണ്. അങ്ങനെ അല്ലാഹു അവരെ നേർമാർഗ്ഗ

ത്തിൽ നയിക്കുന്നതിനും, അവരുടെ സ്വഭാവത്തെ/പെരുമാറ്റത്തെ മെച്ചപ്പെടുത്തുന്നതിനും വേണ്ടി.

അത്തരം മാതാപിതാക്കൾക്ക് ഇത്തരം കുട്ടികളെയാണോ നല്കേണ്ടത്, അതോ നല്ല കുട്ടികളെയാണോ നൽകേണ്ടത് എന്നൊക്കെ നിശ്ചയിക്കുന്നത് അല്ലാഹുവാണ്.

സൂറ അൽ കഹ്ഫിൽ അല്ലാഹു, ഒരു കൗമാരക്കാരനെ വധിച്ച തന്റെയൊരു ദാസനെപറ്റി വിശദീകരിക്കുന്നുണ്ട്. പിന്നീട് അല്ലാഹു ((ത) ആ ദാസനെകൊണ്ട് ഹസ്രത്ത് മൂസാ (അ)യോട് ഈ സംഭവം പറയിപ്പിക്കുകയും, താനെന്തിന് അങ്ങനെ ചെയ്തു എന്ന് തുറന്നു പറയിപ്പിക്കുകയും ചെയ്തു.

ആ യുവാവാകട്ടെ, അവന്റെ മാതാപിതാക്കൾ വിശ്വാസികൾ ആയിരുന്നു. എന്നാൽ അവൻ അവർ രണ്ടുപേരെയും അതിക്രമത്തിനും, അവിശ്വാസത്തിനും നിർബന്ധിച്ചേക്കുമെന്ന് ഞാൻ ഭയപ്പെട്ടു. അതുകൊണ്ട് അവരുടെ നാഥൻ പരിശുദ്ധിയിൽ അവനേക്കാൾ അടുത്തവനുമായ (ഒരു മകനെ) അവനു പകരമായി അവർക്ക് പ്രദാനം ചെയ്യണമെന്ന് നാം ഉദ്ദേശിച്ചു. (അധ്യായം 18, അൽകഹ്ഫ്, സൂക്തം :81-82)

അതുപോലെതന്നെ, മാതാപിതാക്കൾ അവിശ്വാസികൾ (ബഹു ദൈവാരാധകർ) ആയിരിക്കതന്നെ, നേർമാർഗ്ഗത്തിൽ ചരിക്കുന്ന മക്കളുടെ ഉദാഹരണങ്ങളും വിശുദ്ധഖുർആൻ നമുക്ക് പകർന്നു നല്കുന്നുണ്ട്. ഹസ്രത്ത് ഇബ്രാഹിം (അ)യുടെയും അദ്ദേഹത്തിന്റെ പിതാവായ ആസറിന്റെ കഥകൾ പ്രസിദ്ധമാണല്ലോ.

സ്വർഗ്ഗപ്രാപ്തിയിൽ തങ്ങൾക്കും തങ്ങളുടെ മക്കൾക്കും തടസ്സമായി വന്നേക്കാവുന്ന കാര്യങ്ങളെ മാതാപിതാക്കൾ ജാഗ്രതയോടെ കാണേണ്ടതും അതിനെ നേരിടേണ്ടതുമാണ്. കണ്ണുകൾ തുറന്ന് തന്നെ നോക്കിയിരിക്കണം എന്നു ചുരുക്കം.

മാതാപിതാക്കൾ എന്ന നിലയിൽ, മക്കളിൽ അവരുടെ ബാല്യത്തിൽ തന്നെ, നാം ഇസ്ലാമിക മൂല്യങ്ങളും, അല്ലാഹുവിലുള്ള വിശ്വാസവും ഊട്ടിയുറപ്പിയ്ക്കാൻ ശ്രദ്ധിയ്ക്കണം. അവരുടെ ധാർമ്മികവും, ആത്മീയവുമായ മൂല്യങ്ങൾ ഉറയ്ക്കുവാനായി, ബാല്യത്തിൽ തന്നെ മദ്രസ്സയിൽ പോകുന്ന ശീലം നിർബന്ധമായി അവരിൽ വളർത്തിയെടുക്കണം. മദ്രസ്സകളിൽ മതപരമായ അറിവുകൾ പകർന്നു കിട്ടും.

പക്ഷേ, അതിനേക്കാളുപരി, വീട്ടിൽ നിന്നും ലഭിക്കുന്ന അനൗ

ദ്യോഗിക വിദ്യാഭ്യാസം അവർക്ക് ലഭിക്കുന്നു എന്നുറപ്പുവരുത്തണം. മദ്രസ്സയിൽ പോകേണ്ട പ്രായം സംബന്ധിച്ചു ചോദിച്ചാൽ, അറിവ് നേടുന്നതിന് പ്രത്യേകിച്ചൊരു പ്രായം നിശ്ചയിക്കേണ്ടതില്ല. മതപരമായി എത്രത്തോളം അറിവ് ഒരു കുട്ടിയ്ക്കു ലഭിക്കുന്നുവോ (അത് വളരെ വിശാലവും ആഴവും പരപ്പും ഏറിയതുമത്രേ) അതിനനുസരിച്ച്, കൗമാരം കഴിഞ്ഞാലും അവന്/അവൾക്ക് മദ്രസ്സയിൽ പോകുന്നതിന് നാണക്കേട് തോന്നില്ല. അവൻ/അവൾ അറിവ് നേടുന്നതിനായി പരിശ്രമിച്ചുകൊണ്ടേയിരിക്കും.

നല്ല രീതിയിലുള്ള മതവിദ്യാഭ്യാസം മക്കൾക്ക് നല്കുന്നതിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധചെലുത്തണം. അതുപോലെ തന്നെ പോസിറ്റീവായ രീതിയിൽ ഇസ്ലാമിലേക്ക് നയിക്കുന്ന പാതകൾ അവർക്ക് തുറന്നുകൊടുക്കുകയും വേണം. അങ്ങനെ വരുകിൽ, അവർ സ്വർഗ്ഗത്തിൽ ചരിക്കുന്നവരായി മാറുന്നതാണ്.

മാതാപിതാക്കൾ മക്കൾ നമസ്ക്കാരം കൃത്യമായി, നിർവ്വഹിക്കുന്നതും, ഖുർആൻ പാരായണം ചെയ്യുന്നതും, മറ്റ് ഇസ്ലാമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതും നിരന്തരം ശ്രദ്ധിച്ച് ഉറപ്പുവരുത്തണം. നല്ല ശീലങ്ങളും ആചാരമര്യാദകളും, അച്ചടക്കവും ഉള്ളവരായി, ശരിയായ മാർഗ്ഗത്തിൽ ചരിക്കുന്നവരായി അവരെ വളർത്തിയെടുക്കാൻ മാതാപിതാക്കൾ പരിശ്രമിയ്ക്കണം.

മാതാപിതാക്കൾ മക്കളോട് കൂട്ടുകാരോടെന്നവണ്ണം സൗഹൃദത്തിൽ പെരുമാറണം. അതേസമയം, മാതാപിതാക്കൾ എന്ന നിലയിലുള്ള അധികാരം നിലനിർത്തുകയും വേണം.

ഞാൻ മുമ്പ് പറഞ്ഞിട്ടുള്ളതുപോലെ, ദൈവഭക്തരായ, ദൈവഭയമുള്ള കുഞ്ഞുങ്ങളെ ലഭിക്കുവാനായി നാം നിരന്തരം ദുആകൾ ചെയ്യേണ്ടതാണ്. മുത്തഖികളായ, അല്ലാഹുവിന്റെ ഏകത്വത്തെ വ്യാപനം ചെയ്യുകയും, പ്രഘോഷിക്കുകയും ചെയ്യുന്ന അത്തരം കുഞ്ഞുങ്ങളിൽ നിന്ന്- അവരുടെ ആത്മീയമായ അറിവിൽ നിന്ന്-ചുറ്റുപാടുമുള്ളവർ പ്രയോജനമുൾക്കൊള്ളുകയും ചെയ്യും.

ഹസ്രത്ത് ഇബ്റാഹീം(അ) അല്ലാഹുവിനോട് പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിയ്ക്കാം.

റബ്ബി ഹബ്ലീ മിന സ്വാലിഹീൻ

എന്റെ നാഥാ! എനിക്ക് നല്ലവരിൽ ഉൾപ്പെടുന്ന ഒരു സന്തതിയെ പ്രദാനം ചെയ്യേണമേ.

നമ്മുടെ സമൂഹത്തെ നിരന്തരം നശിപ്പിച്ചുകൊണ്ടിരിക്കുന്ന

പൈശാചിക പ്രവണതകളിൽ നിന്നും നമ്മുടെ സന്തതികളെ സംരക്ഷിക്കന്നതിനായി നമുക്ക് അല്ലാഹുവിനോട് നിരന്തരം പ്രാർത്ഥിയ്ക്കാം.

ഓ!അല്ലാഹ്, നീ ഞങ്ങൾക്ക് അമാനത്ത് ആയി നല്കിയ ഞങ്ങളുടെ മക്കളെ നീ സംരക്ഷിച്ചുകൊള്ളേണമേ!

നിന്റെ അനന്തമായ ഔദാര്യത്താൽ നിന്റെ ഇച്ഛയ്ക്ക് സർവ്വാത്മാനാ കീഴ്പ്പെടുന്ന യഥാർത്ഥ വിശ്വാസികളാക്കി നീ അവരെ മാറ്റേണമേ നാഥാ!

നിന്നോട് സദാ കൃതജ്ഞതകാണിക്കുന്നവരും മറ്റുള്ളവർക്ക് മാതൃക കാണിക്കുന്നവരുമായി നീ അവരെ വളർത്തേണമേ!

നിന്റെ അറിവിൽ നിന്നും അവർക്ക് പഠിപ്പിച്ചു കൊടുക്കേണമേ!

എന്റെ നാഥാ! അവരെ നീ നേർമാർഗ്ഗത്തിൽ നയിയ്ക്കേണമേ! ആത്മീയജ്ഞാനം നേടിയെടുക്കാൻ ആവേശം കാണിക്കുന്നവരാക്കി മാറ്റേണമേ!

ശിർക്കിൽ നിന്നും നീ അവരെ കാത്തുകൊള്ളേണമേ!


ആത്മീയ ഉയർച്ചയ്ക്ക് തടസ്സം നില്ക്കുന്ന, നേർമാർഗ്ഗത്തിൽ നിന്നും വ്യതിചലിപ്പിക്കുന്ന മോശം കൂട്ടുകെട്ടിൽ നിന്നും നീ അവരെ സംരക്ഷിക്കേണമേ!

ഓ! അല്ലാഹ്! സർവ്വാധി നാഥനേ!

നിനക്കു വേണ്ടി സ്വയം സമർപ്പിക്കുന്ന യഥാർത്ഥ മുസ്ലിംകളായി ഞങ്ങളുടെ കുഞ്ഞുങ്ങളെ നീ ആക്കിത്തീർക്കേണമേ!

മറ്റുള്ളവർക്കു പ്രയോജനമുൾക്കൊള്ളാൻ പറ്റുന്നവിധത്തിലുള്ള ആത്മീയ ജ്ഞാനം നല്കി നീ അവരെ അനുഗ്രഹിയ്ക്കേണമേ!

ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*